പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3419

9.4.2013 ൽ
മറുപടിയ്ക്ക്

## സൈലോകൾ ആരംഭിക്കാൻ നടപടി

ചോദ്യം

ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :

എ) സംസ്ഥാനത്ത് സൈലോകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

ബി) ഭക്ഷ്യധാന്യശേഖരം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ :

സി) പ്രസ്തുത സംവിധാനം സ്ഥാപിക്കാനുള്ള സ്ഥലം എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ ;

ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ലഭിക്കുന്നത്?

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) യും ബി) യും

സംസ്ഥാനത്ത് എറണാകുളം,കോഴിക്കോട് എന്നീ ജില്ലകളിൽ 25000 മെ.ടൺ വീതം സംഭരണശേഷിയുള്ള ഓരോ സൈലോകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യധാന്യ ശേഖരം വർദ്ധിപ്പിക്കുന്നതിനാണ് സൈലോകൾ നിർമ്മിക്കുന്നത്.

സി) യും ഡി) യും

ജില്ലാ ഭരണകൂടമാണ് സൈലോകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത്. ആവശ്യമായ റെയിൽവേ സൈഡിംഗും ഗതാഗത സൗകര്യങ്ങളും ഉള്ള 5 ഏക്കർ സ്ഥലമാണ് ഓരോ സൈലോയും നിർമ്മിക്കുവാൻ ആവശ്യമുള്ളത്. സൈലോ തുടങ്ങുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിക്കൊടുക്കുക മാത്രമാണ് സംസ്ഥാന സർക്കാർ ചെയ്യുന്നത്. സൈലോ നിർമ്മിക്കുന്നത് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ്. കേന്ദ്ര സർക്കാർ VGF (Viability Gap Funding) പദ്ധതി മുഖാന്തിരം ഇതിന് ധനസഹായം ലഭ്യമാക്കുന്നതാണ്.

Beena

സെക്ഷൻ ഓഫീസർ